**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3060** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രപേർക്ക് സഹായം നൽകിയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എ) | മത്സ്യത്തൊഴിലാളി കോളനികളിൽ കാലപ്പഴക്കം ചെന്നതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങളുടെ പുനർനിർമ്മാണത്തിനായി ഭവനം ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ അർഹതയുടെ അടിസ്ഥാനത്തിൽ അനുവദിച്ച നൽകുന്ന പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കുന്നതിനായി 2023-24 വർഷം മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യവും മാനവ വിഭവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി വാസയോഗ്യമല്ലാത്ത അതിശോചനീയ അവസ്ഥയിലുള്ള ഫിഷർമെൻ കോളനികളിലെ 184 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി 736 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് നിർവ്വഹണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം അത്തരത്തിൽ ഉള്ള 125 ഭവനങ്ങൾ കൂടി പുനർനിർമ്മിക്കുന്നതിനുള്ള 500 ലക്ഷം രൂപയുടെ പദ്ധതി ഫിഷറീസ് ഡയറക്ടർ തലത്തിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ